# സഹോദരീ സഹോദരന്മാരെ നമുക്ക് പരസ്പരം സ്നേഹിക്കാം

### ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

*"വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു. ഇവയിൽ വലുതോ സ്നേഹം തന്നെ" (1 കോരി 13:13).*

ഈ മൂന്നു ഗുണങ്ങൾ ദൈവശാസ്ത്രപരമാണെന്നാണ് (Theological Virtues) ഒഗസ്തീനോസ് മുതൽ മിക്കവാറും എല്ലാവരും പഠിപ്പിച്ചിട്ടുള്ളത്. താത്വികമായി നാലു ഗുണങ്ങൾ വിജ്ഞാനം (Wisdom), സഹനത (Temperance), ധൈര്യം (Courage), തിരിച്ചറിവ് (Prudence) ആണെന്ന് പ്ലേറ്റോ പഠിപ്പിച്ചു. അവയെക്കാൾ ഉദാത്തമാണ് വിശ്വാസം, പ്രത്യാശ, സ്നേഹം എന്ന് ക്രീസ്തീയ ധർമ്മശാസ്ത്രം ഇന്നുവരെ പഠിപ്പിച്ചുകൊണ്ടാണിരിക്കുന്നത്. ഇവയിൽ ഏറ്റവും വലുത് സ്നേഹമാണെന്ന് ഒഗസ്തീനൂസും മറ്റെല്ലാ ധർമ്മശാസ്ത്രജ്ഞന്മാരും പഠിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം വരെ വൈദീക സെമിനാരിയിൽ ക്രിസ്തീയ ധർമ്മശാസ്ത്രം ഞാനും പഠിപ്പിച്ചത് അപ്രകാരമായിരുന്നു. എന്നാൽ അടുത്ത സെമസ്റ്ററിൽ താഴെ പറയുംപോലെ ആണ് പഠിപ്പിക്കേണ്ടത് എന്ന ബോധ്യം ദൈവം എനിക്കു തന്നു. സ്നേഹം വെറും ധാർമ്മിക മൂല്യമല്ല. ത്രീയേക ദൈവത്തിന്റെ ഉണ്മയായ അഗപ്പെയാണ്. അത് അനന്തവും ലോകത്തെ മുഴുവനും ഒന്നാക്കുന്നതുമാണ്. ഇതിന്റെ വെളിച്ചത്തിലാണ് 'മൂന്നാം സഹസ്രാബ്ദത്തിലെ സ്നേഹത്തിന്റെ ഏക മതം' എന്ന ഗ്രന്ഥം ഞാൻ എഴുതി പ്രസിദ്ധീകരിച്ചത്.

ദൈവം വിശ്വാസമല്ല, ദൈവം പ്രത്യാശയല്ല, ദൈവം സ്നേഹമാണ്. പല വിശ്വാസങ്ങളും പല പ്രത്യാശകളും, വിവിധ മതങ്ങളിലും, സഭാ വിഭാഗങ്ങളിലും, കമ്മ്യൂണിസത്തിലും, ഭൗതികവാദത്തിലുമെല്ലാം നിലനില്ക്കുന്നു. ഒരു കുടുംബത്തിൽ തന്നെ പിതാവും മാതാവും, കുഞ്ഞുങ്ങളും തന്നെ ഒരേ വിശ്വാസവും ഒരേ പ്രത്യാശയും ഉള്ളവരായിരിക്കണമെന്നില്ല. വിശ്വാസങ്ങൾ (Dogmas) പരസ്പരം യോജിപ്പിച്ചിട്ട് ഒരു (Organic Union) ഏകീകൃത സംഘടന ഉണ്ടാക്കുവാൻ അഖില ലോക സഭാകൗൺസിൽ വരെ ശ്രമിച്ചിട്ടും ഇത പര്യന്തം സാധിച്ചിട്ടില്ല. "സഹോദരന്മാർ ഒത്തൊരുമിച്ച് വസിക്കുന്നത് എത്ര ശുഭവും മനോഹരവുമാണ്" എന്നു 133-ാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നത് സ്നേഹത്തിൽ ഒത്തൊരുമിച്ച് വസിക്കുവാനാണ്. "ഞാൻ പൗലോസിന്റെ പക്ഷക്കാരൻ. ഞാൻ അപ്പല്ലോസിന്റെ പക്ഷക്കാരൻ... ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ?" (1 കോരി 1:12,13) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ നമ്മുടെ സഭയിൽ പാത്രിയർക്കീസ് പക്ഷക്കാരെന്നും, ഓർത്തഡോക്സ് പക്ഷക്കാരെന്നും, പറയുന്നവർ ക്രിസ്തുവിനെ വിഭജിക്കുന്നവരാണ്. എല്ലാവരുടെയും പിതാവും, ദുഷ്ടന്മാർക്കും, നീതിമാന്മാർക്കും മഴ പെയ്യിക്കുന്ന സ്നേഹവാനായ ദൈവത്തെയത്രെ യേശുക്രിസ്തു വെളിപ്പെടുത്തിയത്. പാത്രിയർക്കീസ് ബാവായെയോ, കാതോലിക്കാ ബാവായെയോ സ്വീകരിക്കുവാനുള്ള മനുഷ്യാവകാശം നല്കിക്കൊണ്ടു തന്നെ സ്നേഹത്തിൽ യോജിക്കുവാൻ സാധിക്കും.

ദൈവകൃപയാൽ സുപ്രീം കോടതി വിധിയിൽ 1934-ലെ സഭയുടെ ഭരണഘടന അംഗീകരിച്ചിരിക്കുന്നതിനാൽ അതിലെ ഒന്നാം ഖണ്ഡിക സ്വന്ത ഇഷ്ടം പോലെ വ്യാഖ്യാനിച്ച് മുറുകെ പിടിക്കുന്നതിനുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ടു തന്നെ പരസ്പരം സ്നേഹിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. പൗലോസിന്റെ പക്ഷക്കാരൻ അപ്പൊല്ലോസിന്റെ പക്ഷത്തെയും അപ്പല്ലോസ് പക്ഷക്കാരൻ പൗലോസ് പക്ഷത്തെയും സ്നേഹിക്കാതെ ക്രിസ്തുവിലുള്ള നമ്മുടെ ഐക്യം വളർത്താൻ സാധ്യമല്ല. സുപ്രീം കോടതി വിധിയിൽ ഒരേ ഭരണഘടന രണ്ടു കൂട്ടർക്കും ബാധകമാണ്. ആകയാൽ പള്ളികൾ പിടിച്ചെടുക്കേണ്ട ആവശ്യം ഉദിക്കുന്നേയില്ല. അതാത് പള്ളികൾക്കുള്ള സ്വാതന്ത്ര്യം ഭരണഘടന പ്രകാരം നല്കിക്കൊണ്ട് അന്യോന്യം സ്നേഹിക്കുകയല്ലാതെ രണ്ടാക്കുവാൻ ആരു ശ്രമിച്ചാലും അത് വിജയിക്കുവാൻ പോകുന്നില്ല.

1. ഒന്നാമതായി ചെയ്യേണ്ടത് ഇനി രണ്ടു കൂട്ടരും കോടതിയെ സമീപിക്കയില്ല എന്ന് തീരുമാനിക്കുകയാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നത് വീണ്ടും ശ്രദ്ധിക്കുക. "...നിങ്ങൾക്കു ലജ്ജയ്ക്കായി ചോദിക്കുന്നു, ഇങ്ങനെ സഹോദരന്മാർക്കും മദ്ധ്യേ കാര്യം തീർപ്പാൻ പ്രാപ്തിയുള്ളോരു ജ്ഞാനിയും നിങ്ങളുടെ ഇടയിൽ ഇല്ലയോ? അല്ല സഹോദരൻ സഹോദരനോടു വ്യവഹരിക്കുന്നു. അതും അവിശ്വാസികളുടെ മുമ്പിൽ തന്നെ" (1 കൊരി 6:6,7). ഈ ഭാഗം അനുസരിക്കുവാനുള്ള അനുകൂലവിധിയാണ് ഇന്ത്യയുടെ പരമാധികാര കോടതി നമുക്കു തന്നിരിക്കുന്നത്. കേസുകൾ പലതും വിജയിച്ചെങ്കിലും ബലാല്ക്കാരം നേടിയെടുക്കുവാൻ ഗവൺമെന്റ് സഹായിക്കാത്തതിന് അവരെ കുറ്റം പറയുവാൻ സാദ്ധ്യമല്ല. ഗവൺമെന്റും ആഗ്രഹിക്കുന്നത് സ്നേഹവും അതിന്റെ ഫലമായ സമാധാനവും ഐക്യതയും ആണ്.

2. അസോസിയേഷൻ കൂടുന്നതിന് സുപ്രീം കോടതി തീയതി തരാതിരിക്കുന്നത് അവരുടെ നോട്ട

ത്തിൽ സ്നേഹിപ്പാൻ നമുക്കവസരം തരേണ്ടത് ആവശ്യമാണെന്നും എല്ലാവരും ചേർന്ന് ഒരു അസോസിയേഷൻ നടത്തുവാൻ അവരും ആഗ്രഹിക്കുന്നു എന്നുള്ളതുമായിരിക്കണം. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നെ സകലവും നന്മക്കായി കൂടി വ്യാപരിക്കുന്നു" എന്ന തിരുവചനം (റോമർ 8:28) വിശ്വസിക്കേണ്ടത് നമ്മുടെ കടമയാണ്. അടഞ്ഞു കിടക്കുന്ന പള്ളികൾ തുറന്നതിനു ശേഷം മാത്രം അസോസിയേഷൻ കൂടുന്നതാണ് നല്ലത്. അതുവരെ സ്റ്റാറ്റ സ്ക്കോ മാറ്റുവാനുള്ള ശ്രമം ശത്രുത വർദ്ധിപ്പിക്കുകയല്ലാതെ സ്നേഹം വർദ്ധിപ്പിക്കുകയില്ല.

3. 1 കൊരിന്ത്യർ 13-ൽ ഒമ്പത് പ്രാവശ്യം സ്നേഹമെന്ന വാക്ക് കാണുന്നത് ദൈവീക സ്നേഹമാകുന്ന അഗപ്പെയെക്കുറിച്ചാണ്. ചില ഭാഗങ്ങൾ ഉദ്ധരിക്കുന്നു: "മലകളെ നീക്കുവാൻ തക്ക വിശ്വാസമുണ്ടെങ്കിലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല.... സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല, ചീർക്കുന്നില്ല. അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥത അന്വേഷിക്കുന്നില്ല, ദേഷ്യപ്പെടുന്നില്ല. ദോഷം കണക്കിടുന്നില്ല" (വാക്യങ്ങൾ 2,4,5). ഈ വിവരണത്തിൽ സ്വാർത്ഥം അന്വേഷിക്കുന്നില്ല എന്ന ഭാഗം സുപ്രധാനമാണ്. കാരണം മൃഗങ്ങളിൽ നിന്നും നമുക്കു ലഭിച്ച ജന്മവാസനയായ സ്വാർത്ഥത ജന്മപാപം തന്നെയാണ്. അത് ദൈവസ്നേഹത്തെ അസാധ്യമാക്കി തീർക്കുന്നതാണ്. രണ്ട് ഭാഗത്തുമുള്ള മെത്രാപ്പോലീത്തന്മാരും വൈദീകരും പൊതുയോഗത്തിനു മുമ്പുതന്നെ ഒരുമിച്ച് ജനാധിപത്യപരമായ അനൗദ്യോഗിക തീരുമാനം എടുത്തിട്ടുവേണം ഔദ്യോഗിക അസോസിയേഷൻ കൂടുവാൻ. ശത്രുവിന് വിശക്കുന്നുവെങ്കിൽ ഭക്ഷിപ്പാൻ കൊടുക്ക എന്ന കത്തൃകല്പന ആദ്യം പ്രയാസമായി തോന്നുമെങ്കിലും അതിലെ ഫലം ശത്രുക്കൾ മിത്രങ്ങളാകും എന്നുള്ളതാണ്.

4. 2000 കൊല്ലത്തോളം പഴക്കമുള്ള നമ്മുടെ സഭയുടെ ദൗത്യം പരസ്പരം സ്നേഹിക്കുക എന്നുള്ളതു മാത്രമല്ല. ജാതിമത വ്യത്യാസം കൂടാതെ തന്നെ ഭാരതത്തിലുള്ള എല്ലാവരെയും, വിശിഷ്യാ പട്ടിണിപാവങ്ങളെയും സഹായിക്കുകയും അവരോടേകീഭവിക്കുകയുമാണ്. മനുഷ്യാവതാരം ചെയ്ത കർത്താവിന്റെ സ്വഭാവവും മഹിമയും നമ്മിൽ കൂടെ മറ്റുള്ളവർ കാണത്തക്കവണ്ണം നാം ക്രിസ്തുവിന്റെ അനുകാരികളായി തീരുകയും ചെയ്യണം. ദൈവം നമ്മെ യോജിപ്പിച്ചു കഴിഞ്ഞാൽ ഭാരതത്തിൽ ദൈവം ഉപയോഗിക്കുവാൻ പോകുന്ന ഏറ്റം വലിയ സഭകളിൽ ഒന്ന് നാമായിരിക്കാൻ സാധ്യത ഇല്ലേ?

5. മൂന്നാം സഹസ്രാബ്ദത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ഗ്രഹാം സ്റ്റെയിൻസിനെയും രണ്ടു കുഞ്ഞുങ്ങളെയും തീയിട്ട ക്രൂരന്മാരോടു ക്ഷമിച്ച് എന്റെ ഭർത്താവിനെയും കുഞ്ഞുങ്ങളെയും തീവച്ചതിൽ എനിക്ക് സങ്കടമുണ്ടെങ്കിലും ഞാൻ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയല്ലാതെ അവർക്കെതിരെ കേസു കൊടുക്കുകയില്ല എന്നു പറഞ്ഞ ഗ്ലാഡീസ് ഒരു ബാപ്റ്റിസ്റ്റ് സഭാംഗമാണെങ്കിലും അവളുടെ വിശ്വാസം അവൾ മുറുകെ പിടിക്കുമ്പോൾ തന്നെ നമുക്കവളെ സ്നേഹിക്കാതിരിപ്പാൻ സാധിക്കുമോ. മൂന്നാം സഹസ്രാബ്ദത്തിൽ സ്നേഹത്തിന്റെ ഏകമതം ഉണ്ടാകും മുമ്പ് തന്നെ നാം ഏക സഭയായി ശത്രുക്കളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യാം.

"ദൈവം സ്നേഹം തന്നെ" (1 യോഹ. 4:8,16).

□